بِسْـــــــــــــمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

# അബൂ ബക്ർ رضي الله عنه വിന്റെ
## വിലമതിക്കാനാകാത്ത
## ഒരു സാരോപദേശം

BASWAAER



بَصَائِرُ
قناة سلفية للعلوم الشرعية
قناة سلفية للعلوم الشرعية

# അബൂ ബകർ رَضِيَ ٱللَّٰهُ عَنْهُ വിന്റെ

## വിലമതിക്കാനാകാത്ത ഒരു സാരോപദേശം

BASWAAER

വിവർത്തനം :

അനസ് അലി ബിൻ അബ്ദിറഹ്മാൻ

وَفَّقَهُ اللّٰهُ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

الحمد لله رب العالمين والصلاة والسلام على رسوله الأمين

وعلى آله وصحبه ومن تبعهم بإحسان إلى يوم الدين أمّا بعد :

**സഹോദരങ്ങളേ,**

**അല്ലാഹു ﷻ വിശുദ്ധ ഖുർആനിലെ സൂറത്തുൽ അഹ്ഖാഫിൽ പറഞ്ഞതായി കാണാം.**

﴿ أُوْلَٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنۡهُمۡ أَحۡسَنَ مَا عَمِلُواْ وَنَتَجَاوَزُ عَن سَيِّـَٔاتِهِمۡ فِيٓ أَصۡحَٰبِ ٱلۡجَنَّةِۖ وَعۡدَ ٱلصِّدۡقِ ٱلَّذِي كَانُواْ يُوعَدُونَ ﴾

📚 سورة الأحقاف: ١٦

BASWAAER

അത്തരക്കാരിൽ നിന്നാകുന്നു അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായത് നാം സ്വീകരിക്കുന്നത്. അവരുടെ ദുഷ്പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം നാം വിട്ടുവീഴ്ച കാണിക്കുകയും ചെയ്യും. (അവർ) സ്വർഗാവകാശികളുടെ കൂട്ടത്തിലായിരിക്കും. അവർക്ക് നൽകപ്പെട്ടിരുന്ന സത്യവാഗ്ദാനമത്രെ അത്

ഈ ആയത്തിനെ വിശദീകരിക്കവെ മഹാനായ മുഫസ്സിർ ഇമാം ത്വബരി (മുഹമ്മദ് ബ്നു ജരീർ ബ്നു അബ്ദില്ല അത്ത്വബരി) അദ്ദേഹത്തിന്റെ തഫ്സീറിൽ **താബിഇയായ പണ്ഡിതൻ മുജാഹിദ് رحمه الله യിൽ നിന്ന് ഉദ്ധരിച്ചു കൊണ്ട് മഹാനായ അബൂ ബക്റ് رضي الله عنه ഉമർ ബ്നുൽ ഖത്ത്വാബ് رضي الله عنه വിന് നൽകിയ മനോഹരമായ ഒരു ഉപദേശം എടുത്തു കൊടുത്തതായി കാണാം. അത് ഇപ്രകാരം ആണ് .**

دعا أبو بكر عمر رضي الله عنهما، فقال له: إني

أوصيك بوصية أن تحفظها:

അബൂബക്റ് ﵁
ഉമർ ﵁ വിനെ വിളിച്ചു കൊണ്ട് പറഞ്ഞു:
ഉമർ...! ചില (വസ്വിയ്യത്തുകൾ) ഞാൻ നിനക്ക് നൽകാം.
അവയെ നിന്റെ ജീവിതത്തിൽ സൂക്ഷിക്കുകയും,
പ്രാവർത്തികമാക്കുകയും ചെയ്യണം.

إن لله في الليل حقا لا يقبله بالنهار،

وبالنهار حقا لا يقبله بالليل،

BASWAAER

എന്നിട്ട് അദ്ദേഹം ആദ്യമായി പറഞ്ഞു:-
ഉമർ....!
രാത്രികളിൽ അല്ലാഹുവിനോട് നാം ചെയ്യേണ്ട
ചില ബാധ്യതകളുണ്ട്. അവയെ അല്ലാഹു പകലിൽ
സ്വീകരിക്കുകയില്ല. അതുപോലെ നമ്മുടെ റബ്ബിനോട്
നാം പകലുകളിൽ ചെയ്യേണ്ട ചില ബാധ്യതകളുണ്ട്.
അത് അല്ലാഹു രാത്രിയിൽ സ്വീകരിക്കുകയില്ല.

إنه ليس لأحد نافلة حتى يؤدّي الفريضة،

**തീർച്ചയായും അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങൾ ചെയ്യാത്തവനെ സംബന്ധിച്ചിടത്തോളം സുന്നത്തായ കാര്യങ്ങൾ ഒരിക്കലും അവന് ഉണ്ടാവുകയില്ല.**

إنه إنما ثقُلت موازين من ثقُلت موازينه يوم القيامة باتباعهم الحقّ في الدنيا،

وثقُل ذلك عليهم، وحقّ لميزان لا يوضع فيه إلا الحقّ أن يثقل،

നാളെ ഖിയാമത്ത് നാളിൽ ആരുടെ തുലാസ്സാണോ ഘനം തൂങ്ങുന്നത് അത് ദുനിയാവിൽ അവൻ സത്യത്തെ പിൻപറ്റിയതു കൊണ്ടു മാത്രമാണ്. അതാകട്ടെ (സത്യം പിൻപറ്റൽ) അവർക്ക് ഭാരമുള്ളതായിരുന്നു.. സത്യം അല്ലാതെ മറ്റൊന്നും വെക്കപ്പെടാത്ത ഒരു തുലാസ് ഘനം തൂങ്ങാൻ അർഹമാണ്.

وخفَّت موازين من خفَّت موازينه يوم القيامة، لاتباعهم الباطل في الدنيا،

وخفته عليهم، وحقّ لميزان لا يوضع فيه إلا الباطل أن يخف.

BASWAAER

ആരുടെ തുലാസ്സാണോ ഖിയാമത്ത് നാളിൽ ഘനം കുറയുന്നത് അവന്ന് ദുൻയാവിൽ അസത്യത്തെ പിൻപറ്റിയതു കൊണ്ട് മാത്രമാണ് അത് സംഭവിക്കുക. അതാകട്ടെ (അസത്യം പിൻപറ്റൽ) അവർക്ക് ഏറെ എളുപ്പമുള്ളതുമായിരുന്നു. അസത്യമല്ലാതെ മറ്റൊന്നും വെക്കപ്പെടാത്ത ഒരു തുലാസ് ഘനം കുറയുവാൻ അർഹമാണ്.

ألم تر أن الله ذكر أهل الجنة بأحسن أعمالهم، فيقول قائل: أين يبلغ عملي

من عمل هؤلاء، وذلك أن الله عزّ وجلّ تجاوز عن أسوأ أعمالهم فلم يبده،

ഉമർ...! അല്ലാഹു സ്വർഗക്കാരെ സംബന്ധിച്ച് അവരുടെ ഏറ്റവും നല്ല പ്രവർത്തനങ്ങളെയാണ് നമുക്ക് പറഞ്ഞ് തന്നിട്ടുള്ളത് അത് നീ വീക്ഷിച്ചിട്ടില്ലേ ...!?

ഇവരുടെ പ്രവർത്തനവുമായി എന്റെ പ്രവർത്തനങ്ങൾ തട്ടിച്ചു നോക്കുമ്പോൾ എന്റെ പ്രവർത്തനം എവിടെയാണ്..?
അത് വളരെ കുറവാണല്ലോ എന്ന് ഒരുവൻ പറഞ്ഞു പോകും .
ഇത് അവർ തിന്മകൾ പ്രവർത്തിക്കാത്തത് കൊണ്ടല്ല, മറിച്ച് അല്ലാഹു അവരുടെ മോശമായ പ്രവർത്തനങ്ങൾ വിട്ടുവീഴ്ച്ച ചെയ്യുകയും അതിനെ അല്ലാഹു വെളിവാക്കാതിരിക്കുകയും ചെയ്തതു കൊണ്ടാണ് എന്ന് നീ മനസ്സിലാകണം ഉമർ...!

ألم تر أن الله ذكر أهل النار بأسوأ أعمالهم حتى يقول قائل: أنا خير عملا من هؤلاء، وذلك بأن الله ردّ عليهم أحسن أعمالهم،

BASWAAER

നരകക്കാരെക്കുറിച്ച് അവരുടെ ഏറ്റവും മോശമായ പ്രവർത്തനങ്ങൾ കൊണ്ട് അല്ലാഹു അവരെ പരിചയപ്പെടുത്തിയത് നീ കണ്ടില്ലേ ഉമർ...!? എത്രത്തോളമെന്നു വെച്ചാൽ ഇവരെക്കാൾ എത്രയോ നല്ല പ്രവർത്തനമാണ് എന്റേത് എന്ന് ഒരുവൻ പറഞ്ഞു പോകും . ഇത് അവർ നല്ലത് പ്രവർത്തിക്കാത്തതു കൊണ്ടല്ല. മറിച്ച് അവർ ചെയ്ത നല്ല കാര്യങ്ങൾ അല്ലാഹു ﷻ സ്വീകരിക്കാതിരിന്നതു കൊണ്ടാണ്.

ألم تر أن الله عزّ وجلّ أنزل آية الشدّة عند آية الرخاء، وآية الرخاء عند آية الشدّة، ليكون المؤمن راغبا راهبا، لئلا يُلقي بيده إلى التهلكة، ولا يتمنى على الله أمنية يتمنى على الله فيها غير الحق

📚(من تفسير سورة الأحقاف لإمام الطبري ص : ١٤٧ الجزء رابع والعشرون )

ഉമർ...! അല്ലാഹു ﷻ എളുപ്പത്തെ സംബന്ധിച്ച് പരാമർശിക്കുന്ന ആയത്തുകൾക്ക് അടുത്ത് പ്രയാസത്തിനെ കുറിച്ചുള്ള ആയത്തുകൾ അവതരിപ്പിച്ചത് നീ കണ്ടിട്ടില്ലേ...?
അത് പോലെ പ്രയാസത്തിന്റെ ആയത്തുകളുടെ അടുത്ത് എളുപ്പത്തിന്റെയും ആയത്തുകൾ അവതരിപ്പിച്ചത് നീ കണ്ടിട്ടില്ലേ...?
ഇപ്രകാരം അല്ലാഹു അവതരിപ്പിച്ചത് ഒരു വിശ്വാസി അവന്റെ റബ്ബിൽ ഭയവും പ്രതീക്ഷയും ഉള്ളവനായി തീരാനും അവന്റെ കരങ്ങൾ നാശത്തിലേക്ക് ചലിപ്പിക്കാതിരിക്കാനും വേണ്ടിയാണ്.
അതുപോലെ അവൻ അല്ലാഹുവിന്റെ മേൽ സത്യമല്ലാത്തത് ആഗ്രഹിക്കാതിരിക്കാനും അതിൽ വഞ്ചിതനാകാതിരിക്കാനുമാണ്.

📚(തഫ്സീർ അത്വബരിയുടെ സൂറത്തുൽ
അഹ്ഖാഫിന്റെ തഫ്സീറിൽ നിന്ന് )
(തഫ്സീർ ത്വബരി വാള്യം 24 പേജ് :147)

BASWAAER

സഹോദരാ അല്ലാഹു നിനക്കു മേൽ റഹ്മത്ത് ചൊരിയട്ടെ. മഹാനായ സ്വഹാബി അബൂബക്റ് رضي الله عنه ഇസ്ലാമിന്റെ രണ്ടാം ഖലീഫ ഉമറുബ്നുൽ ഖത്താബ് رضي الله عنه ന് കൊടുത്ത ഏറെ ഗുണപാഠങ്ങളുള്ള മനോഹരമായ വസ്വിയ്യത്താണ് നീ വായിച്ചത്. എത്ര നല്ല ഉപദേശമാണല്ലേ ഇത്...?!
അല്ലാഹു ﷻ ഇത് മനസ്സിലാക്കി അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ ഭാഗ്യം നൽകി എന്നേയും നിങ്ങളേയും അനുഗ്രഹിക്കട്ടെ.
ഈ ഒരു വസ്വിയ്യത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന ചില ഗുണ പാഠങ്ങൾ കൂടി താങ്കളുടെ ശ്രദ്ധയിൽ പെടുത്തട്ടെ:

**ഒന്ന്:** അല്ലാഹു നമ്മുടെ മേൽ സമയം നിർണയിച്ച് നിർബന്ധമാക്കിയ കർമ്മങ്ങൾ അതാത് സമയങ്ങളിൽ തന്നെ നിർവഹിക്കുവാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് നിസ്കാരത്തിന്റെ കാര്യം അതീവ ഗൗരവത്തിൽ തന്നെ നാം ഓരോരുത്തരും ശ്രദ്ധ ചെലുത്തേണ്ട ഒന്നാണ്.

**കാരണം അല്ലാഹു ﷻ നിസ്കാരത്തിന്റെ കാര്യം പ്രത്യേകം എടുത്ത് പറഞ്ഞിട്ടുണ്ട്.**

﴿ إِنَّ ٱلصَّلَوٰةَ كَانَتۡ عَلَى ٱلۡمُؤۡمِنِينَ كِتَٰبٗا مَّوۡقُوتٗا ﴾

**തീർച്ചയായും നിസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു.**

📚[سورة النساء 103]

മാത്രവുമല്ല **മഹാനായ അബ്ദുല്ലാഹിബ്നു മസ്ഊദ്** رضي الله عنه നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണം

BASWAAER

عَنِ ابْنِ مَسْعُودٍ رَضِيَ اللَّهُ عَنْهُ، أَنَّ رَجُلًا سَأَلَ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : أَيُّ الْأَعْمَالِ أَفْضَلُ ؟ قَالَ : " الصَّلَاةُ لِوَقْتِهَا،

ഒരിക്കൽ നബി ﷺ യോട് ഒരു വ്യക്തി ചോദിച്ചു അല്ലയോ അല്ലാഹുവിന്റെ റസൂലേ ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനം ഏതാണ് . **അവിടുന്ന് ആദ്യം പറഞ്ഞ മറുപടി നിസ്കാരം അതിന്റെ സമയത്തിന് നിർവഹിക്കുക എന്നതാണ്.**

📚(صحيح البخاري 7534)

**രണ്ട്:** അല്ലാഹു നിർബന്ധമാക്കിയ കർമ്മങ്ങൾക്ക് സുന്നത്തായ കർമ്മങ്ങളുടെ മേലുള്ള ശ്രേഷ്ഠത ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാം അല്ലാഹു നിർബന്ധമാക്കിയ കർമ്മങ്ങൾക്കാണ് കൂടുതൽ പ്രധാന്യം ഉള്ളത്.

**മൂന്ന്** : സത്യം പിൻപറ്റൽ പ്രയാസമുള്ള ഒരു കാര്യമാണ്. എങ്കിലും അതിന്റെ വക്താക്കൾ മാത്രമേനാളെ സ്വർഗം പുൽകുകയുള്ളൂ. അവർക്ക് ദുഃഖമോ സങ്കടങ്ങളോ ഉണ്ടായിരിക്കുന്നതല്ല.

**അല്ലാഹു ﷻ പറഞ്ഞു** :

﴿ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَن تَبِعَ هُدَاىَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴾

BASWAAER

**എന്നിട്ട് എന്റെ പക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല.**

📚[سورة البقرة 38]

മാത്രമല്ല, അസത്യം സ്വീകരിച്ച് സ്വന്തം ഇച്ഛകളെ ഇലാഹാക്കി ജീവിക്കുന്നവർക്ക് അങ്ങനെ ജീവിക്കൽ എളുപ്പവും പ്രയാസമില്ലാത്തതുമാണ്. പക്ഷേ നാളെ പരലോകത്ത് കടുത്ത ഖേദവും നഷ്ടവും ലഭിക്കുന്നവർ അവരായിരിക്കും.

**അല്ലാഹു ﷻ പറഞ്ഞു** :

﴿ وَمَن يَكْفُرْ بِٱلْإِيمَـٰنِ فَقَدْ حَبِطَ عَمَلُهُۥ وَهُوَ فِى ٱلْـَٔاخِرَةِ مِنَ ٱلْخَـٰسِرِينَ ﴾

സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവൻറെ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്ത് അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും

📚[سورة المائدة 5]

اللّٰهمّ أرنا الحق حقا وارزقنا اتباعه وأرنا الباطل باطلا وارزقنا اجتنابه

**അല്ലാഹു നമുക്ക് സത്യത്തെ സത്യമായി കാണിച്ച് തരുകയും അത് പിൻപറ്റുവാനുള്ള ഭാഗ്യം നൽകുകയും അസത്യത്തെ അസത്യമായി കാണിച്ച് തരുകയും അത് ഉപേക്ഷിക്കുവാനുള്ള ഭാഗ്യം നൽകുകയും ചെയ്യുമാറാകട്ടെ .**

BASWAAER

**നാല്** : നമ്മൾ ചെയ്യുന്ന തിന്മകൾ അല്ലാഹു മറച്ചു വെക്കുന്നു എന്നത് നമ്മുടെ റബ്ബിന് നമ്മോടുള്ള റഹ്മത്തിനെ അറിയിക്കുന്നു. അത് അവന്റെ വലിയ അനുഗ്രഹങ്ങളിൽ പെട്ടതാകുന്നു. നമ്മൾ ചെയ്യുന്ന തിന്മകൾ എല്ലാം പരസ്യമാക്കുന്ന അവസ്ഥയെ പറ്റി നീ ആലോചിച്ചിട്ടുണ്ടോ...? എത്ര വലിയ അനുഗ്രഹമാണ് നമുക്ക് നമ്മുടെ റബ്ബ് നൽകിയത്.! ഈ അനുഗ്രഹങ്ങൾക്ക് അല്ലാഹുവിന് നന്ദി കാണിക്കുന്നവരാണോ നാം എന്ന് സ്വയം വിലയിരുത്തുക.

**അഞ്ച്** : നാം ചെയ്യുന്ന പ്രവർത്തനങ്ങൾ പൂർണ്ണമായി അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുമോ എന്ന സലഫുകൾക്കുണ്ടായിരുന്ന ഭയം നമുക്ക് ഉണ്ടായിരിക്കണം. നല്ല പ്രവർത്തനങ്ങൾതള്ളപ്പെട്ടവരാണ് നരകത്തിന്റെയാളുകൾ. നാം അവരിൽ ഉൾപ്പെടുമോ സഹോദരാ? അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ!

**ആറ്**: ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്ന് എപ്പോഴും അല്ലാഹുവിനോടുള്ള ഭയവും അവനോടുള്ള പ്രതീക്ഷയും ഒരു പോലെ ഉണ്ടാകേണ്ടതുണ്ട്. ഒരു പക്ഷിക്ക് രണ്ട് ചിറകുള്ളതിന്ന് സമാനമായി അവന്ന് ഭയവും പ്രതീക്ഷയും ഉണ്ടാകണം. എന്നാൽ മാത്രമേ അവനും അല്ലാഹുവും തമ്മിലുള്ള ബന്ധം സുഗമമാവുകയുള്ളൂ.

ഭയത്തിന്റേയും പ്രതീക്ഷയുടേയും വിഷയത്തിൽ അഹ്‌ലുസ്സുന്നയുടെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ച രണ്ട് കക്ഷികളാണ് സൂഫികളും ഖവാരിജുകളും. സൂഫികൾ അല്ലാഹുവിനോടുള്ള പ്രതീക്ഷയിൽ അതിരു കവിഞ്ഞവരാണ്. ഖവാരിജുകളാകട്ടെ അല്ലാഹുവിനോടുള്ള ഭയത്തിന്റെ വിഷയത്തിലാണ് അതിരു കവിഞ്ഞത്. എന്നാൽ അഹ്‌ലുസ്സുന്നത്തി വൽ ജമാഅയുടെ നിലപാടാണ് മധ്യമ നിലപാട് . അതിരു കവിയാതെ ഭയവും പ്രതീക്ഷയും ഒരുപോലെ നിലനിറുത്തി അല്ലാഹുവിൽ നല്ല വിചാരം പുലർത്തിക്കൊണ്ട് അവന്റെ ശിക്ഷയെ ഭയന്ന് ജീവിതം നയിക്കുന്നവരാണ് അവർ.

**അല്ലാഹു ﷻ അവന്റെ പ്രവാചകൻമാരെ സംബന്ധിച്ച് പറഞ്ഞതായി കാണാം**

﴿ إِنَّهُمْ كَانُوا۟ يُسَـٰرِعُونَ فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَـٰشِعِينَ ﴾

BASWAAER

**തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു**

അല്ലാഹു നമ്മെ അവരുടെ പാതയിൽ ഉറപ്പിച്ച് നിർത്തുമാറാകട്ടെ .

📚[سورة الأنبياء 90]

وَصَلَّى اللَّهُ وَسَلَّمَ عَلَى نَبِيِّنَا مُحَمَّدٍ وَآلِهِ وَصَحْبِهِ أَجْمَعِينَ

بَصَائِرُ

هذا بصائر للناس

قناة سلفية للعلوم الشرعية

قناه سلفية للعلوم الشرعية

BASWAAER

